

● ഹസൻ അബീദോ *

# വേദനയുടെ സങ്കീർത്തനങ്ങൾ

## ഏദൻ തോട്ടത്തിൽ നിന്നുള്ള പലായനം



ഞാനിവിടെ എന്റെ ജീവിത ഭൂമിയിൽ!
സ്വർഗത്തിൽനിന്നും നീയെന്നെ
വലിച്ചിറക്കിയ
ഭൂമിയുടെ ഉപരിതലത്തിൽ

ഞാനത് ഒട്ടും ഗൗനിച്ചില്ല.

എന്റെ നഗ്നതയെ മൂടാൻ
എനിക്കൊന്നും കണ്ടെത്താനാകുന്നില്ല
സ്വന്തം രക്തം നനച്ച്
എന്റെ കരങ്ങൾ നട്ടുവളർത്തിയ
ആപ്പിൾ മരത്തെ രുചിച്ചു നോക്കാനാവാതെ
നീയതിനെ എനിക്ക് നിരോധിച്ചു

ഞാനിവിടെ എന്റെ നീറുന്ന
കണ്ണുനീർ തുള്ളികളെ കൊയ്തെടുക്കുന്നു.

---

** മൊറോക്കോ കവി. റാബിത്വതുൽ അദബിൽ ഇസ്‌ലാമി എന്ന കൂട്ടായ്മയിൽ അംഗം.*

എന്നെ ബഹിഷ്കരിക്കുന്ന കാര്യത്തിൽ
നിന്റെയിഷ്ടം പിശാചിനൊപ്പമായിരുന്നു
എങ്കിലും എന്റെ ഹൃദയം പ്രണയാർദ്രമായ്
നിന്നിലണയാൻ കൊതിക്കുന്നു.

ഇവിടെ എന്റെ വിരലുകൾ
കൈപ്പത്തിയിൽനിന്നും
ഓടിയകലുന്നു.

ഖാബീൽ
എന്നെ വധിക്കാനായി
എന്നരികിൽ നിന്ന്
ഒളിങ്കണ്ണിട്ടു നോക്കുന്നു.

എന്റെ ശവക്കല്ലറ പോലും
കണ്ടെത്താനാകാതെ
ഈ ജീവിത ഭൂമിയിൽ
ഞാൻ കറങ്ങിത്തിരിയുന്നു.

എന്റെ നാമമൊഴിച്ച്
നീയെല്ലാ നാമങ്ങളും ഓർക്കുന്നു
നീ എന്നെ മറന്നേ പോയിരിക്കുന്നു......

# പ്രളയം

എന്റെ ജന്മദേശമേ! ഞാൻ നോഹ
ആവലാതിക്കാരൻ.
ഞാനെന്റെ അസ്ഥിഖണ്ഡങ്ങൾകൊണ്ട്
കപ്പൽ പണിതു
എന്റെ ചർമത്തെത്തന്നെ
കപ്പൽ പായയായി ഉപയോഗിച്ചു.
നിന്നെ സംരക്ഷിക്കാൻ! എന്റെ ജന്മദേശത്തെ!!
എന്റെ സന്തതികൾ മുങ്ങിപ്പോയെങ്കിലും
രൗദ്രതയാർന്ന തിരമാലകൾ
എന്റെ കപ്പലിനെ തകിടം മറിക്കുകിലും
ഞാനിതാ വിളിച്ചുകൂവുന്നു
എന്നിട്ടും നീയെന്തിന് അപരിചിത ഭാവങ്ങൾ
എടുത്തണയുന്നു.



ചക്രവാളത്തിൽ എന്നെ രക്ഷിക്കാൻ
ഒരൊറ്റ പർവതവും പ്രത്യക്ഷപ്പെടുന്നില്ല.
എന്റെ ആത്മാവിന്റെ ആൾത്താരയിൽ
ഉരുവിടാനുള്ള കവിതകളുടെ
ഒരു പർവതമൊഴികെ

എന്റെ മുങ്ങിപ്പോയ ശരീരത്തെ
സമുദ്രം പിന്തള്ളിയാൽ
എന്റെ ജന്മദേശമേ
നീയെന്നെ ശ്രദ്ധിക്കുമോ?
തിമിംഗലങ്ങൾ എന്റെ കണ്ണുകളെ
വെട്ടിവിഴുങ്ങി കടിച്ചു തുപ്പിയാൽ
നീയെന്നെ ശ്രദ്ധിക്കുമോ?......

## തീജ്വാലയിൽ



ഓ, പിതാവേ! ഞാൻ ഇബ്റാഹീം
ഒരു ഭവനത്തെ പണിതീർക്കുന്നതിനായി
ഞാനെന്റെ അസ്ഥികളെ തന്നെ
സ്തംഭങ്ങളായി അവരോധിച്ചു

ഞാനെന്റെ വിരലുകൾ കൊണ്ട്
കല്ലുകൾക്കിടയിൽ കിണർ കുഴിച്ചു
ജലധാരയെ പുറത്തേക്കൊഴുക്കാൻ!

ഞാൻ ദാഹാർത്തനായി തുടരേ;
എന്റെ സോദരരും ശത്രുക്കളും
അതിൽനിന്ന് കുടിച്ചു
എന്റെ ദാഹത്തെ കെടുത്താൻ
ചക്രവാളത്തിൽ ഒരാത്മാവും
പ്രത്യക്ഷമായില്ല

പേർഷ്യൻ റോമൻ പുരുഷാരങ്ങൾ
അത്യാർത്തിയോടെ ആ കിണറിനുചുറ്റും തടിച്ചുകൂടി
നിന്റെ സൂര്യതാപം കൊണ്ട്
ഞാൻ ചുട്ടെരിഞ്ഞു പ്രിയ ജന്മദേശമേ!
എന്റെ അരുമക്കിടാങ്ങളെ പോലും
നിനക്കായി ബലികഴിച്ചുകൊണ്ടിരുന്നു
ആഴമേറിയ വേദനയുടെ സമുദ്രം

എന്റെ അന്തരാളത്തിൽ
അലയടിച്ചപ്പോൾ
ഞാനതു വെളിപ്പെടുത്തി
ഒട്ടേറെ വട്ടം വെളിപ്പെടുത്തി
ഞാനെന്റെ കണ്ണുകൾ
ആകാശത്തേക്കുയർത്തുന്നു പിതാവേ!

നാനാവിധ പഴങ്ങൾ
ഈ ഭൂമിയിൽ വളർത്താൻ
നീ കൽപിച്ചു

അങ്ങനെ പനകളും അത്തിമരങ്ങളും
ഒലീവുകളും മാതളച്ചെടികളും ഉണ്ടായി
കൂടെ ദ്രാവക ഇന്ധനങ്ങളും ഈ ജന്മദേശത്തിൽ
സുന്ദരികളായ പെൺകിടാങ്ങളുടെ
പാദങ്ങളും പിന്നെയിവിടെ
ചിതറി വീണു.
പക്ഷേ;
എന്റെ കുട്ടികളുടെ വിധി
വിശപ്പുമാത്രമായിരുന്നു

എന്റെ പിതാവേ,
ഞാനെന്താണ് ചെയ്തത്
ഞാൻ പാപം ചെയ്തോ?
നംറൂദിന്റെ കൈകളെ
ചുംബിക്കാൻ വിസമ്മതിച്ചുകൊണ്ട്
വിഗ്രഹങ്ങളെ പ്രണമിക്കാതെ
വർഷിക്കുന്ന തീജ്വാലകളിലേക്ക്
ഞാനെന്നെ വലിച്ചെറിഞ്ഞ ദിവസം
ഞാനെന്റെയസ്ഥികളിൽനിന്ന്
സ്തംഭങ്ങളുയർത്തികൊണ്ടുവന്നു
എന്നിട്ടും നീ അപരിചിതന്റെ
ഭാവമണിഞ്ഞു എന്നെ നഗ്നനായിത്തന്നെ
ഉരിഞ്ഞുനിറുത്തി.

# ചതി

പിതാവേ, ഞാൻ യൂസുഫ്
എന്റെ ശവമാടത്തിന്റെ
ശിരോമഞ്ചത്തിൽ തലചായ്ച്ച്
ഞാൻ ശയിക്കുന്നു.

കൊടും ചതിയുടെ കഠാരയാൽ
സ്വന്തം സോദരർ
എന്റെ നെഞ്ചിനെ മുറിപ്പെടുത്തി
എന്റെ ഹൃദയത്തെ കഷ്ണങ്ങളാക്കി
എന്റെ കണ്ണുനീർ തുള്ളികളോ
എന്റെ കുഞ്ഞുങ്ങളുടെ രോദനമോ
അവരെയതിൽനിന്നും തടഞ്ഞില്ല.



എന്റെ ശരീരം നിശ്ചലമായപ്പോൾ
ശവപ്പെട്ടി ഏറ്റാൻ
അവരോരോരുത്തരും മത്സരിച്ചു
എന്റെ അസ്ഥികളെ അമർത്തി
ചുമലുകളിൽനിന്ന്
ചുമലുകളിലേക്ക്
അവരതിനെയേറ്റി
എന്റെ മൃതപ്രാർഥന
ഒരുവൻ മറ്റൊരുത്തന്
ഏറ്റു പറഞ്ഞുകൊടുത്തു.

ഞാൻ മരിക്കും മുമ്പായി
എന്റെ കവിതയിലെ
ആനന്ദകരമായ താളത്തെ
ഉന്മൂലനം ചെയ്യാൻ
അവരേറെ ശ്രദ്ധിച്ചു.
എന്റെ ഭാവനയിലെ
ബുറാക്കിനെ
ആകാശ വിസ്തൃതികളിലേക്ക്
പറഞ്ഞയച്ചപ്പോൾ
വലിയ അട്ടഹാസച്ചിരി മുഴങ്ങി

എന്റെ രക്തം ചിതറിവീഴുമ്പോൾ
ശത്രുക്കൾ പരസ്പരം

ഹസ്തദാനം ചെയ്തു.

ഞാനെന്റെ സ്വപ്നങ്ങളുമായി
അലഞ്ഞു തിരിഞ്ഞാൽ
സൂര്യചന്ദ്രന്മാരെ
എനിക്ക് വിലങ്ങുവെക്കാമായിരുന്നു

ഓ പിതാവേ!
അവർ കരഞ്ഞുകൊണ്ട്
ഓരോ നാടകങ്ങളിലും
അണിനിരക്കുകയായിരുന്നു
അവരുടെ പിശാചുക്കളിലേക്ക് തിരിഞ്ഞ്
ഏവരെയും പരിഹസിക്കുകയായിരുന്നു

പിതാവേ, അവരുടെ കൈയിലെ
വസ്ത്രത്തെ വിശ്വസിക്കരുത്
അവരുടെ പ്രഖ്യാപനത്തെ വിശ്വസിക്കരുത്
സത്യത്തെ അവമതിക്കാൻ മാത്രമാണ്
അവരെത്തിയിരിക്കുന്നത്

നിന്റെ പുത്രനിതാ
രക്തം പുരണ്ട് മണ്ണിൽ ഉരുളുന്നു.
കൊലപാതകികൾ ചെന്നായ്ക്കളും സർപ്പങ്ങളുമായ
അവന്റെ സഹോദരരാണ്.
ഈ ഭൂമിയെ സ്നേഹിക്കാൻ കുതിച്ചുയർന്ന്
അവൻ രക്തസാക്ഷിത്വം കണ്ടെത്തിയിരിക്കും
അവന്റെ വേദനകളെ പ്രഭാത സന്ധ്യകളിൽ
സൂര്യന്റെ അനശ്വരമായ ചുംബനങ്ങൾ ലാളിക്കുന്നു.
പിതാവേ, ഞാൻ യൂസുഫ്
സ്നേഹത്തെ സംരക്ഷിക്കാൻ ഞാൻ മരിച്ചേക്കാം
പക്ഷേ എന്റെ കവിത ജീവിച്ചു കൊണ്ടേയിരിക്കും.

**മൊഴിമാറ്റം: പി.എ നാസിമുദ്ദീൻ**